**സിറ്റിസൺ അസ്സിസ്റ്റൻറ്**
**തദ്ദേശസ്വയംഭരണ വകുപ്പിൽ സ്ഥിരം അദാലത്ത്**

(Refer GO No..916/2023/LSGD dt 25-4-23 and Letter No. LSGD/PD/20630/2023-VIGAS dt 17-5-23 of Principal director)

(കെട്ടിട നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, ക്രമവൽക്കരണം, നമ്പറിംഗ്, ലൈസൻസുകൾ, ജനന-മരണ-വിവാഹ രജിസ്ട്രേഷൻ എന്നീ വിഷയങ്ങളിലെ ഹരജികൾ പരിഗണിക്കുന്നതിന് )

ഉപജില്ലാ അദാലത്ത് സിറ്റിംഗ് തിയ്യതി 03-0 1-24ന് 11 എ. എംന്

**മിനുട്സ്**

ഹാജർ :

1. ഖാലിദ് പി.കെ. ഇൻറേണൽ വിജിലൻസ് ഓഫീസർ, കൺവീനർ
2. റെനി എൽ.ജെ., ഡെപ്യൂട്ടി ടൌൺപ്ലാനർ, അംഗം.
3. അജയകുമാർ പി. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അംഗം.
4. സെക്രട്ടറി, മാറഞ്ചേരി ഗ്രാമപഞ്ചായത്ത്.
5. സെക്രട്ടറി, വെളിയംകോട് ഗ്രാമപഞ്ചായത്ത്.
6. സെക്രട്ടറി, വളാഞ്ചേരി മുനിസിപ്പാലിറ്റി.
7. ഹെഡ് ക്ലർക്ക്, ആലംകോട് ഗ്രാമപഞ്ചായത്ത്.
8. സെക്രട്ടറി, എടപ്പാൾ ഗ്രാമപഞ്ചായത്ത്.
9. സെക്രട്ടറി, തവനൂർ ഗ്രാമപഞ്ചായത്ത്.
10. സെക്രട്ടറി, പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത്.
11. സെക്രട്ടറി, മാറാക്കര ഗ്രാമപഞ്ചായത്ത്.
12. സെക്രട്ടറി, പൊന്നാനി മുനിസിപ്പാലിറ്റി.
13. സെക്രട്ടറി, കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്.
14. സെക്രട്ടറി, വട്ടംകുളം ഗ്രാമപഞ്ചായത്ത്
15. ഫാത്തിമ മാറഞ്ചേരി ഗ്രാമപഞ്ചായത്ത്
16. സുരേഷ് തത്തമ്മൽ, വെളിയംകോട് ഗ്രാമപഞ്ചായത്ത്.
17. ചന്ദ്രൻ എം. വളാഞ്ചേരി മുനിസിപ്പാലിറ്റി.
18. ചന്ദ്രമതി, വളാഞ്ചേരി മുനിസിപ്പാലിറ്റി.
19. കാർത്യായനി ആലംകോട് ഗ്രാമപഞ്ചായത്ത്
20. അബ്ദുറഹിമാൻ, എടപ്പാൾ ഗ്രാമപഞ്ചായത്ത്
21. മുഹമ്മദ് ഹനീഫ, മാറാക്കര ഗ്രാമപഞ്ചായത്ത്
22. മുഹമ്മദ്കുട്ടി, മാറാക്കര ഗ്രാമപഞ്ചായത്ത്.
23. മുഹമ്മാദലി കെ.പി. മാറാക്കര ഗ്രാമപഞ്ചായത്ത്.
24. അൻപഴകൻ, പൊന്നാനി മുനിസിപ്പാലറ്റി
25. കുഞ്ഞൻബാവ (സെഹീറ), പൊന്നാനി മുനിസിപ്പാലറ്റി
26. ഷാജി, പൊന്നാനി മുനിസിപ്പാലറ്റി
27. അബൂബക്കർ, കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്
28. മുഹമ്മദ് അലി വട്ടംകുളത്തിന് വേണ്ടി ഷാജി സാഫ്ജകോ

അദാലത്തിൽ പരിഗണിച്ച അപേക്ഷകളുടെ/പരാതികളുടെ വിവരം

| Sl No | Doc. No: | Service Type | Local body | Applicant | Phone |
|---|---|---|---|---|---|
| 1 | BPMPM 20990000002 | Building Permit | മാറഞ്ചേരി | ഫാത്തിമ | 9995904672 |
| 2 | BPMPM 20990000003 | Building Permit | മാറഞ്ചേരി | രചനി | 9846883586 |
| 3 | BPMPM 20993000005 | Building Permit | വെളിയംകോട് | ഹാജറ | 7559820667 |
| 4 | BPMPM 20993000006 | Building Permit | വെളിയംകോട് | സുരേഷ് തത്തമ്മൽ | 9895960045 |
| 5 | BPMPM 21273000001 | Building Permit | വളാഞ്ചേരി | ചന്ദ്രൻ എം | 9495141022 |

| | | | | | |
|---|---|---|---|---|---|
| 6 | BPMPM 21273000003 | Building Permit | വളാഞ്ചേരി | ചന്ദ്രമതി | 7994994492 |
| 7 | BPMPM 20989000002 | Building Permit | ആലംകോട് | കാർത്യായനി | 6945725334 |
| 8 | TLMPM 20988000002 | Trade Liscence | എടപ്പാൾ | അബ്ദുരഹിമാൻ | 9567944299 |
| 9 | BPMPM 20986000003 | Building Permit | തവനൂർ | ഹാരിഫ് | 9946363023 |
| 10 | BPMPM 20986000004 | Building Permit | തവനൂർ | ബാബു വി.ടി.കെ | 9400375124 |
| 11 | BPMPM 20992000005 | Building Permit | പെരുമ്പടപ്പ് | ലിയാക്കത്ത് അലി | 9995893580 |
| 12 | BPMPM 20992000006 | Building Permit | പെരുമ്പടപ്പ് | സുബൈദ കള്ളിവളപ്പിൽ | 8129930353 |
| 13 | BPMPM 20954000013 | Building Permit | മാറാക്കര | മുഹമ്മദ് ഹനീഫ | 8089707872 |
| 14 | BPMPM 20954000015 | Building Permit | മാറാക്കര | മുഹമ്മദ് കുട്ടി | 9526558634 |
| 15 | BPMPM 20954000014 | Building Permit | മാറാക്കര | മുഹമ്മദ് അലി | 9961522281 |
| 16 | BPMPM 20210000005 | Building Permit | പൊന്നാനി | അൻപഴകൻ | 7907505610 |
| 17. | BPMPM 20210000006 | Building Permit | പൊന്നാനി | മുരളീധരൻ | 9846209551 |
| 18 | BPMPM 20210000008 | Building Permit | പൊന്നാനി | ബൾക്കീസ് | 8113872201 |
| 19 | CRMPM 20210000007 | Civil Registration | പൊന്നാനി | സെഹീറ | 8111939441 |
| 20 | BPMPM 20210000009 | Building Permit | പൊന്നാനി | അത്തീഖ് പറമ്പിൽ | 8606246666 |
| 21 | BPMPM 20210000011 | Building Permit | പൊന്നാനി | മുഹമ്മദ് ബഷീർ | 8593813256 |
| 22 | BPMPM 20210000012 | Building Permit | പൊന്നാനി | ഷാജി | 7034739263 |
| 23 | BPMPM 20955000025 | Building Permit | കുറ്റിപ്പുറം | അബൂബക്കർ | 9895507361 |
| 24 | BPMPM 20955000024 | Building Permit | കുറ്റിപ്പുറം | സിറാജ് | 9847989724 |
| 25 | BPMPM 212730000 | Building Permit | വട്ടംകുളം | മുഹമ്മദ് അലി | 9846333713 |

അദാലത്ത് ജില്ലാ ടൌൺ പ്ലാനിംഗ് ഓഫീസിൽ വച്ച് 11 a.m. ന് ഓൺലൈനായി നടത്തി. അദാലത്ത് കൺവീനറും ഇന്റേണൽ വിജിലൻസ് ഓഫീസറുമായ ശ്രീ. ഖാലിദ് പി.കെ., അദാലത്ത് സമിതി അംഗവും ഡെപ്യൂട്ടി ടൌൺ പ്ലാനറുമായ ശ്രീമതി. റെനി എൽ ജെ എന്നിവർ ജില്ലാ ടൌപ്ലാൻ ഓഫീസിൽ നിന്നും അദാലത്ത് മെമ്പറും കുറ്റിപ്പുറം ബ്ലോക്ക് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായ (adnl charge) ശ്രീ. അജയകുമാർ പി, സെക്രട്ടറിമാരും, പരാതിക്കാരും ഓൺലൈനായും അദാലത്തിൽ പങ്കെടുത്തു. വട്ടംകുളം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും പരാതിക്കാരന് വേണ്ടി ഷാജി സാക്കോ എന്നയാളും നേരിട്ട് ഹാജരായി. പരിഗണിച്ച പരാതികളിൽ ഒന്ന് ഒഴികെ മറ്റെല്ലാം നവകേരള സദസ്സിൽ ലഭിച്ചവയാണ്.

18-12-23ലെ അദാലത്ത് തീരുമാനങ്ങൾ സെക്രട്ടറിമാർ നടപ്പിലാക്കിയത് യോഗം അവലോകനം ചെയ്തു.

## തീരുമാനങ്ങൾ

**പരാതി 1**
**മാറഞ്ചേരി ഗ്രാമപഞ്ചായത്ത്**

**ഫാത്തിമ, W/o. മുഹമ്മദ് (Late), കൊട്ടിലിൽ ഹൌസ്,** പുറങ്ങ്, മാറഞ്ചേരി എന്നവർ 29/12/2018 ന് വീടിന് നമ്പർ അനുവദിക്കുന്നതിനായി അപേക്ഷ നൽകിയപ്പോൾ നഞ്ചഭൂമിയാണെന്ന കാരണത്താൽ നിഷേധിക്കുകയാണുണ്ടായത്. ഭൂമി തരം മാറ്റുന്നതിനായി RDO യ്ക്ക് അപേക്ഷ നൽകിയിട്ടും ഫലമുണ്ടായില്ലെന്നാണ് അപേക്ഷയിൽ പറയുന്നത്.

പരാതിക്കാരിയുടെ സ്ഥലത്തിൻറെ ഒരു ഭാഗം ഡാറ്റാബാങ്കിൽ പെട്ടതിനാലാണ് അനുമതി നൽകാൻ കഴിയാത്തതെന്നും കരഭൂമിയായ ഭാഗത്താണ് കെട്ടിടം നിൽക്കുന്നത് എന്ന കത്ത് വില്ലേജ് ഓഫീസിൽനിന്നും ലഭിക്കുകയാണെങ്കിൽ അനുമതി നൽകാനാകുമെന്ന് സെക്രട്ടറി അറിയിച്ചു. ഇതിനായി മാറഞ്ചേരി വില്ലേജ് ഓഫീസർക്ക് കത്ത് നൽകുന്നതാണെന്നും സെക്രട്ടറി അറിയിച്ചു. അനുകൂലമായ മറുപടി ലഭിക്കുകയാണങ്കിൽ കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

ഭൂമി തരംമാറ്റി കിട്ടുന്നതിന് RDOക്ക് സമർപ്പിച്ച അപേക്ഷയിൽ തീർപ്പ് കൽപ്പിക്കാത്ത സാഹചര്യത്തിലാണ് ഫാത്തിമ നവകേരള സദസ്സിൽ പരാതി സമർപ്പിച്ചതെന്ന് ഫാത്തിമ അദാലത്തിൽ അറിയിച്ചു. ആയതിനാൽ പരാതിയുടെ കോപ്പി തിരൂർ R D O ഓഫീസിലേക്ക്

അയച്ച് കൊടുക്കുന്നതിനായി ജെ ഡി ഓഫീസിലെ ബി സെക്ഷൻ സൂപ്രണ്ടിന് നിർദ്ദേശം നൽകുന്നതിനായി ജില്ലാ അദാലത്തിലേക്ക് എസ്കലേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചു.

**പരാതി 2**
**മാറഞ്ചേരി ഗ്രാമപഞ്ചായത്ത്**
**രചനി, W/o. ഷൺമുഖൻ (Late),** അരിയെല്ലി, കാഞ്ഞിരമുക്ക്, മാറഞ്ചേരി എന്നവർക്ക് ബിയ്യം കായലിന് സമീപം പുഴയുടെ തീരത്തായതിനാൽ വാങ്ങിച്ച വീടിന് നമ്പർ ലഭിക്കുന്നില്ല എന്നാണ് പരാതി. പരാതിക്കാരിയെ ടെലഫോൺ വഴി കേട്ടതിൽനിന്നും അന്വേഷിച്ചതിൽനിന്നും പരാതിക്കാരി പഞ്ചായത്തിൽ ഇതുവരെ അപേക്ഷ നൽകിയിട്ടില്ല എന്ന് കാണുന്നു. പരാതിക്കാരി അദാലത്തിൽ ഹാജരാകാതിരുന്നതിനാൽ പഞ്ചായത്ത് സെക്രട്ടറിയോട് പരാതിക്കാരിയെ ബന്ധപ്പെട്ട് CRZ അനുമതി ലഭിക്കുന്നതിനുള്ള അപേക്ഷയും പ്ലാനും സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകി തീരുമാനിച്ചു. സെക്രട്ടറി അപേക്ഷ വാങ്ങി പരിശോധന നടത്തി അനുമതിക്കായി മലപ്പുറം ജില്ലാതല തീരദേശ സംരക്ഷണ അതോറിറ്റിക്ക് (ടൌൺ പ്ലാനർക്ക് ) സമർപ്പിക്കേണ്ടതാണ്.

**പരാതി 3**
**വെളിയംകോട് ഗ്രാമപഞ്ചായത്ത്.**
**ഹാജറ, മാളിയേക്കൽ വീട്, വെളിയംകോട്** എന്നവർ CRZ പരിധിയിൽ ഉൾപ്പെട്ടതിനാൽ ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും പഞ്ചായത്തിൽനിന്നും നിർമ്മാണ അനുമതി ലഭിക്കുന്നില്ലെന്നും CRZ NOC ലഭിക്കുന്നതിനായി 1636/2023 എന്ന നമ്പറിൽ 05/06/2023 ന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്. ഈ അപേക്ഷ മലപ്പുറം ജില്ലാതല തീരദേശ സംരക്ഷണ അതോറിറ്റി നിരസിച്ചിട്ടുള്ളതാണെന്ന് ടൌൺ പ്ലാൻ ഓഫിസിലെ രേഖകൾ പരിശോധിച്ചതിൽനിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. താൻ മത്സ്യതൊഴിലാളി കുടുംബാഗമാണെന്നും കടലിൽ നിന്നും 50 മീറ്റർ പരിധിയിൽ ഉള്ളവരെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ട് എന്നും എന്നാൽ തന്റെ വീട് 100 മീറ്റർ പരിധിയിലായതിനാൽ ആ ആനുകൂല്യവും ലഭിക്കാതെ പോവുകയാണെന്നും ബോധിപ്പിച്ചിരിക്കുന്നു. ഈ അപേക്ഷ സർക്കാരിന്റ പ്രത്യക പരിഗണ അർഹിക്കുന്നതാണെന്ന് കാണുന്നു. ആയതിനാൽ ശ്രീമതി. ഹാജരയുടെ അപേക്ഷ സർക്കാരിന്റെ പ്രത്യേക ഇളവിനായി സമർപ്പിക്കുന്നതിന് ജില്ലാ സമിതിയിലേക്ക് എസ്കലേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചു.

**പരാതി 4**
**വെളിയംകോട് ഗ്രാമപഞ്ചായത്ത്.**
**സുരേഷ്, തത്തമ്മൽ ഹൌസ്,** ഗ്രാമം പി.ഒ., വെളിയംകോട്, പൊന്നാനി എന്നവർ വീട്ടു നമ്പറിനായി അപേക്ഷ സമർപ്പിച്ചിട്ടും 120 സ്ക്വയർ മീറ്റർ വിസ്തീർണ്ണം ഉള്ള വീട് നിർമിക്കാൻ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം അനുമതി ആവശ്യമില്ലാഞ്ഞിട്ടും നമ്പർ നിഷേധിച്ചിരിക്കുന്നു എന്നാണ് പരാതിയിൽ പറയുന്നത് ഡാറ്റ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയാണെന്ന് സെക്രട്ടറി അറിയിച്ചു.

വില്ലേജ് രേഖ പ്രകാരം നിലമായി(Wetland/Paddy land) രേഖപ്പെടുത്തിയിട്ടുള്ള എല്ലാ ഭൂമിയും മലപ്പുറം ജില്ലയിലെ ചില പഞ്ചായത്തുകളിൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തുകയും തരം മാറ്റപ്പെട്ട വർഷം റിമാർക്സ് കോളത്തിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അങ്ങിനെ 2008ന് മുമ്പ് നികത്തപ്പെട്ട ഭൂമിയും ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ടിട്ടുണ്ട്. വെളിയംകോട് ഗ്രാമ പഞ്ചായത്തിലെ ഡാറ്റാ ബാങ്കും ഈ രീതിയിലാണ് തയ്യാറാക്കപ്പെട്ടിട്ടുള്ളതെന്ന് കാണുന്നു. പെരിന്തൽമണ്ണ സബ് കലക്ടറുടെ 20-9-20ലെ No.RDOPTM/1858/2020-M1 നമ്പർ കത്ത് പ്രകാരവും തിരൂർ സബ് കലക്ടർ 21-3-23ന് മംഗലം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ എഫ്1-314/2023 നമ്പർ കത്ത് പ്രകാരവും ഡാറ്റാ ബാങ്കിൽ തെറ്റായി ഉപ്പെട്ടിട്ടുള്ളതും നികത്തപ്പെട്ടത് എന്ന് കാണിച്ചിട്ടുള്ളതുമായ ഭൂമികളെ അൺനോട്ടിഫൈഡ് ലാന്റായി പരിഗണിച്ച് 4.04 ആർസ് ഭൂമിയിൽ 120 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ വീട് നിർമ്മിക്കുന്നതിന് കേരള നെൽവയൽ-തണ്ണീർ തട സംരക്ഷണ (ഭേദഗതി )നിയമം 2018 വകുപ്പ് 27എ (6) പ്രകാരം സെക്രട്ടറിക്ക് നേരിട്ട് നിർമ്മാണ അനുമതി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ ശ്രീ. സുരേഷ് തത്തമ്മൽ എന്നവരുടെ അപേക്ഷ, മേൽ പ്രസ്താവിച്ച പെരിന്തൽമണ്ണ, തിരൂർ സബ്-കലക്ടർമാരുടെ കത്തുകളുടെ അടിസ്ഥാനത്തിലും കേരള നെൽവയൽ-തണ്ണീർ തട സംരക്ഷണ (ഭേദഗതി) നിയമം 2018 വകുപ്പ് 27A(6) പ്രകാരം പരിഗണിച്ച് അനുമതി

നൽകുന്നതിന് വെളിയംകോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു. പെർമിറ്റ് നൽകിയ വിവരം അടുത്ത അദാലത്തിൽ സെക്രട്ടറി റിപ്പോർട്ട് ചെയ്യേണ്ടാതാണ്.

**പരാതി 5**

**വളാഞ്ചേരി നഗരസഭ.**

**ചന്ദ്രൻ എം., ചേക്കാടൻ വീട്, മൈലാടിക്കുന്ന്,** വളാഞ്ചേരി എന്നവർക്ക് 40 സെന്റ് സ്ഥലവും രണ്ടു വീട്ടും ഉണ്ട് എന്നും അതിൽ പഴയ വീടിന് നികുതി അടച്ചു വരുന്നു. എന്നാൽ പുതിയ വീടിന്റെ നികുതി അടവാക്കാൻ കഴിയുന്നില്ല എന്നാണ് പരാതിയിൽ പറയുന്നത്. 2016ൽ വീട് വെച്ച് അന്ന് മുതൽ നികുതി അടച്ച് വരുന്നത് അമ്മയുടെ പേരിലാണ്. തന്റെ പേരിലേക്ക് മാറ്റാൻ നഗരസഭയിൽ കൊടുത്ത അപേക്ഷയിൽ തീർപ്പ് ആയില്ല എന്നും കെട്ടിട നികുതി തന്റെ പേരിൽ അടവാക്കാൻ നടപടി വേണമെന്നുമാണ് പരാതി. ഉടമസ്ഥത മാറ്റുന്നതിനായി സമർപ്പിച്ച ആധാരത്തിൽ പ്രസ്തുത കെട്ടിട നമ്പർ കാണിച്ചിട്ടില്ല എന്നും 171 ചതുരശ്ര മീറ്റർ വിസ്തതിയിലുള്ള 6/390 എന്ന നമ്പറിലുള്ള വലിയ കെട്ടിടം ആധാരത്തിൽ കാണിക്കേണ്ടതുണ്ടെന്നും ആയതിന് തിരുത്തൽ ആധാരം തയ്യാറാക്കി നൽകണമെന്നും കാണിച്ച് 25-10-23ന് ശ്രീ. ചന്ദ്രന് കത്ത് നൽകിയിട്ടുണ്ടെന്നും നാളിത് വരെ മറുപടി സമർപ്പിച്ചിട്ടില്ലെന്നും മുൻസിപ്പൽ സെക്രട്ടറി അറിയിച്ചു. എന്നാൽ തന്റെ പെങ്ങൾക്ക് കൂടി അവകാശപ്പെട്ട ഭാഗപത്രാധാരം ബാങ്കിൽ പണയത്തിലാണെന്നും അത് ലഭിക്കാൻ പ്രയാസം ആണെന്നും ചന്ദ്രന് വേണ്ടി ഹാജരായ ഭാര്യ അറിയിച്ചു. ഈ വിവരങ്ങൾ കാണിച്ച് കൊണ്ട് 25-10-23ന് നഗരസഭയിൽ നിന്നും നൽകിയ കത്തിന് മറുപടിയും ആവശ്യമായ രേഖകളും സമർപ്പിക്കുന്നതിന് അപേക്ഷകന് നിർദ്ദേശം നൽകിയും മറുപടി ലഭിക്കുന്ന മുറക്ക് അവ പരിശോധിച്ച് ബോധ്യപ്പെട്ട് ഉടമസ്ഥത മാറ്റി നൽകുന്നതിന് സെക്രട്ടറിക്കും റവന്യൂ ഇൻസ്പെക്ടർക്കും നിർദ്ദേശം നൽകി തീരുമാനിച്ചു.

**പരാതി 6**

**വളാഞ്ചേരി നഗരസഭ**

**ചന്ദ്രമതി W/o ബാലചന്ദ്രൻ(late),** കൊന്തോടിയിൽ, കാട്ടിപ്പരുത്തി എന്നവർ നിലവിലുള്ള 23/130 നമ്പർ വീട് പൊളിച്ച് പുതിയ വീട് നിർമ്മിക്കുന്നതിന് 17-3-22ന് നഗരസഭയിൽ അപേക്ഷ നൽകിയതാണ്. വീട് നിർമ്മാണം കഴിഞ്ഞെങ്കിലും ഇത് വരെ നമ്പർ കിട്ടിയിട്ടില്ലെന്നാണ് പരാതി. വീട് നമ്പർ ലഭിച്ച് വേണം റേഷൻ കാർഡ് മാറ്റുവാൻ. ചന്ദ്രമതിയുടെ ഭൂമിയുടെ ഒരു ഭാഗം നഞ്ച ഭൂമിയാണ് ( 6 സെന്റ് ) ആയതിനാലാണ് പെർമിറ്റ് നൽകാൻ കഴിയാതിരുന്നതെന്ന് നഗരസഭ ഓവർസീയർ അറിയിച്ചു. കരഭൂമിയായ ഭാഗത്താണ് കെട്ടിടം നിൽക്കുന്നത് എന്ന് കാണിക്കുന്ന സർവ്വെ സ്കെച്ച് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നു. ആയത് എൽ ബി എസ് ഹാജരാക്കിയിട്ടുണ്ടെന്നും ഓവർസീയർ അറിയിച്ചു. ആയത് കൂടി പരിശോധിച്ച് കെട്ടിട നിർമ്മാണ അനുമതി/ഓക്യുപെൻസി നൽകുന്നതിന് സെക്രട്ടറിയെയും ഓവർസീയറെയും ചുമതലപ്പെടുത്തി തീരുമാനിച്ചു.

**പരാതി 7**

**ആലംകോട് ഗ്രാമപഞ്ചായത്ത്**

**കാർത്യായനി, W/o. സുരേഷ് ഇല്ലത്തു പറമ്പിൽ വീട്,** ആലങ്കോട് എന്നവർ IAY ഭവന പദ്ധതി പ്രകാരം നിർമ്മിച്ച 3 സെന്റ് സ്ഥലത്തിലുള്ള വീടിന് ഭൂമി പറമ്പല്ലാത്തതിനാൽ നമ്പർ അനുവദിക്കുന്നില്ല എന്നാണ് പരാതിയിൽ പറയുന്നത്. ഡാറ്റ ബാങ്കിൽ Paddy എന്നാണ് ടി ഭൂമി കാണിച്ചിട്ടുള്ളതെന്നും ആയതിനാൽ നമ്പർ അനുവദിക്കാൻ കഴിയില്ലെന്ന വിവരം 11/11/2021 അപേക്ഷകയെ അറിയിച്ചിരുന്നു എന്നും ആലങ്കോട് പഞ്ചായത്ത് സെക്രട്ടറിക്ക് വേണ്ടി ഹാജരായ ഹെഡ് ക്ലർക്ക് അറിയിച്ചു. ശ്രീമതി കാർത്യായനിയുടെ ജീവിത സാഹചര്യം വളരെ പരിതാപകരമാണെന്ന് അപേക്ഷയിൽ നിന്നും മനസ്സിലാക്കുന്നു. ഡാറ്റാ ബാങ്കിൽനിന്നും അവരുടെ ഭൂമി ഒഴിവാക്കികിട്ടുന്നതിന് 2008ലെ കേരള നെൽവയൽ-തണ്ണീർതട സംരക്ഷണ ചട്ടങ്ങളിലെ ചട്ടം 4(ഡി) പ്രകാരമുള്ള ഫോം നമ്പർ 5ൽ അപേക്ഷ തയ്യാറാക്കി RDO ക്ക് ഓൺലൈനായി സമർപ്പിക്കുന്നതിന് പരാതിക്കാരിയെ സഹായിക്കുന്നതിന് സെക്രട്ടറിയെയും 19ആം വാർഡ് മെമ്പറെയും ചുമതലപ്പെടുത്തി തീരുമാനിച്ചു. ഈ പരാതി അടുത്ത അദാലത്തിൽ റിവ്യൂ ചെയ്യുന്നതിനായി മാറ്റി വെച്ചു.

**പരാതി 8**

**എടപ്പാൾ ഗ്രാമപഞ്ചായത്ത്**

**അബ്ദുറഹിമാൻ, പാർട്ണർ, വെസ്റ്റേൺ പ്രോഡക്ട്സ്** എടപ്പാൾ എന്നവർ അവരുടെ പേപ്പർ പ്ലേറ്റ് നിർമ്മാണ യൂണിറ്റ് പൂട്ടിയതിനെതിരെയാണ് പരാതി തന്നിട്ടുള്ളത്. നിരോധിത ഉൽപ്പന്നങ്ങളാണ് കമ്പനിയിൽ ഉണ്ടായിരുന്നത് എന്നും ഇത് കമ്പനി പരിസരത്ത് കൂട്ടിയിട്ട നിലയിലാണ്. നാളിതുവരെ ഇത് നീക്കം ചെയ്തിട്ടില്ല ആയതിനാലാണ് നടപടി സ്വീകരിച്ചത് എന്ന് സെക്രട്ടറി അറിയിച്ചു. സെൻട്രൽ പൊല്യൂഷൻ ബോർഡിൽ നിന്നും സർട്ടിഫിക്കറ്റ് കിട്ടുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും പരാതിക്കരൻ അറിയിച്ചു. ബോർഡിന്റെ സർട്ടിഫിക്കറ്റ് കിട്ടിയതിനുശേഷം വേണ്ട തീരുമാനങ്ങൾ എടുക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. നിലവിൽ ഈ വിഷയം സർക്കാരിന്റെ പരിഗണയിൽ ആണെന്നാണ് അറിയാൽ കഴിഞ്ഞത്. ആയതിനാൽ ഈ പരാതി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാരം കാണുന്നതിനായി ജില്ലാ അദാലത്തിലേക്ക് എസ്കലേറ്റ് ചെയ്യുന്നിന് തീരുമാനിച്ചു.

**പരാതി 9**

**തവനൂർ ഗ്രാമപഞ്ചായത്ത്**

**ഹാരിഫ്, S/o. മൊയ്തീൻകുട്ടി ചക്കാലിപ്പറമ്പിൽ,** അങ്കലം, തവനൂർ എന്നവർ കെട്ടിട നമ്പർ അനുവദിക്കുന്നതിനായാണ് പരാതി നൽകിയിട്ടുള്ളത്. സർവ്വെ നം. 119/1ബി സ്ഥലത്ത് വീട് നിർമ്മിക്കുന്നതിന് 20-5-2009ൽ BA-21/09-10 നമ്പർ പ്രകാരം പെർമിറ്റ് നൽകുകയും പണി പൂർത്തീകരിച്ച് നമ്പറിന് അപേക്ഷിച്ചു. സ്ഥലം നഞ്ച ഭൂമിയാണ്. അദാലത്തിൽ ഇയാളുടെ ലൈസൻസിയാണ് പങ്കെടുത്തത്. പരാതിക്കാരന്റെ സ്ഥലത്തിന്റെ സർവ്വേ നമ്പർ തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് സെക്രട്ടറി അറിയിച്ചു. തിരുത്തി നൽകിയാൽ മാത്രമേ നമ്പർ അനുവദിക്കാൻ കഴിയൂ എന്ന് അറിയിച്ചു. അന്നത്തെ നിയമങ്ങൾ പ്രകാരം നിയമാനുസൃതം നൽകിയ പെർമിറ്റ് പ്രകാരമാണ് പണിപൂർത്തീകരിച്ചതെങ്കിൽ കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്ന് സമിതി വിലയിരുത്തി. ഹാരിഫിന്റെ പിതാവിനെ കൂട്ടി തവനൂർ പഞ്ചായത്തിൽ പോയി സർവ്വേ നമ്പർ തിരുത്തി നൽകണമെന്ന് ലൈസൻസിയോട് നിർദ്ദേശിച്ചു. അടുത്ത അദാലത്തിൽ ഫയലിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് ചെയ്യണമെന്ന് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയും തീരുമാനിച്ചു.

**പരാതി 10**

**തവനൂർ ഗ്രാമപഞ്ചായത്ത്**

**ബാബു VTK, താഴെ കുനിയിൽ പൊന്മേലി** പറമ്പിൽ വടകര എന്നവർ തവനൂർ ഗ്രാമപഞ്ചായത്തിൽ മാണൂർ എന്ന സ്ഥലത്ത് വർഷങ്ങളായി താമസക്കാരനാണ്. നാല് സെന്റ് സ്ഥലത്തുള്ള വീടിന് നഞ്ച ഭൂമി എന്ന കാരണത്താൽ നമ്പർ അനുവദിക്കാത്തതാണ് പരാതി പറയുന്നത്. പരാതിക്കാരൻ അദാലത്തിൽ ഹാജർ ആയിരുന്നില്ല. പരാതിക്കാരന്റെ അപേക്ഷ പഞ്ചായത്തിൽ വാങ്ങിയിട്ടില്ല. ആർ ഡി ഓ ലെവൽ തീർപ്പാക്കിയിട്ട് മാത്രമേ ചെയ്യാൻ പറ്റൂ എന്ന കാരണത്താലാണ് അപേക്ഷ വാങ്ങാതിരുന്നതെന്ന് സെക്രട്ടറി അറിയിച്ചു. RDO TIR/12/13/2022-K1 എന്ന ഫയൽ നമ്പർ പ്രകാരം തിരൂർ ആർ ഡി ഒ. ക്ക് അപേക്ഷ നൽകിയെങ്കിലും നഞ്ച ഭൂമിയാണെന്ന് കാണിച്ച് അപേക്ഷ നിരസിച്ചിരുന്നു.
ആയതിനാൽ ഈ പരാതി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാരം കാണുന്നതിനായി ജില്ലാ അദാലത്തിലേക്ക് എസ്കലേറ്റ് ചെയ്യുന്നിന് തീരുമാനിച്ചു.

**പരാതി 11**

**പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത്.**

**ലിയാക്കത്ത് അലി, വട്ടക്കൂട്, പെരുമ്പടപ്പ്** എന്നവർ പാലപ്പെട്ടി മത്സ്യ ഗ്രാമത്തിലെ മത്സ്യതൊഴിലാളിയാണ്. വീട് നമ്പറിനായി അപേക്ഷ സമർപ്പിച്ചതിൽ പെരുമ്പടപ്പ് ഗ്രാമ പഞ്ചായത്തിൽ നിന്നും CRZ പരിധിയിൽ പെട്ടതിനാൽ നമ്പർ ലഭ്യമായില്ല എന്നാണ് പരാതിയിൽ പറയുന്നത്. പരാതിക്കാരൻ അദാലത്തിൽ പങ്കെടുത്തിട്ടില്ല. പ്രസ്തുത പരാതിക്കാരൻ അപേക്ഷ പഞ്ചായത്തിൽ ഇതുവരെ സമർപ്പിച്ചിട്ടില്ല എന്നാണ് സെക്രട്ടറി അറിയിച്ചത്. അപേക്ഷ സമർപ്പിച്ചതായ രേഖകൾ ഒന്നും തന്നെ പരാതിയോടൊപ്പം വെച്ച് കാണുന്നില്ല. പരാതിക്കാരനെ ടെലഫോൺ വഴി ബന്ധപ്പെട്ടിരുന്നു. കടലിൽനിന്നും 140 മീറ്റർ അകലത്തിൽ പറമ്പ് വാങ്ങി 1500 സ്ക്വയർ ഫീറ്റിൽ പുതിയ വീട് നിർമ്മിച്ചതാണ്. ആയതിനാൽ പരാതിക്കാരനെ ബന്ധപ്പെട്ട് പരാതിക്കാരന്റെ കയ്യിൽ നിന്നും CRZ അനുമതിക്കായുള്ള അപേക്ഷയും പ്ലാനും വാങ്ങിച്ച് പരിശോധന നടത്തി നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക്

നിർദ്ദേശം നൽകി തീരുമാനിച്ചു. അടുത്ത മീറ്റിങ്ങിൽ നടപടി വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**പരാതി 12**

**പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത്.**

**സുബൈദ കള്ളിവളപ്പിൽ, പാലപ്പെട്ടി പെരുമ്പടപ്പ്** ഗ്രാമപഞ്ചായത്ത് എന്നവർ വീടിന് പെർമിറ്റ് അനുവദിച്ചു കിട്ടിയില്ല എന്ന് അറിയിച്ചുള്ള പരാതിയാണ് നൽകിയിരിക്കുന്നത്. വാർഡ് 18ലെ ലൈഫ് ഭവന പദ്ധതി ഗുണഭോക്താവാണ്. CRZ അനുമതിക്കായി മലപ്പുറത്തേക്ക് അയച്ചിട്ടുണ്ടെന്നും അവിടെ നിന്ന് തിരുവനന്തപുരത്തേക്ക് അയച്ചിട്ടുണ്ടെന്നും പരാതിയിൽ പറയുന്നു. നൽകിയ ഫോൺ നമ്പറിൽ ബന്ധപ്പെടുന്നതിന് കഴിഞ്ഞിട്ടില്ല. പരാതിക്കാരി അദാലത്തിൽ പങ്കെടുത്തിരുന്നില്ല. പരാതിക്കാരി ഇതുവരെ അപേക്ഷ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല എന്ന് പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ആയതിനാൽ സുബൈദയെ ബന്ധപ്പെട്ട് അപേക്ഷയുടെ വിവരങ്ങൾ വാങ്ങി വേണ്ട നടപടി സ്വീകരിക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു. അടുത്ത മീറ്റിങ്ങിൽ നടപടി വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**പരാതി 13**

**മാറാക്കര ഗ്രാമപഞ്ചായത്ത്**

**മുഹമ്മദ് ഹനീഫ, പൂഴിക്കുന്നത്ത്, കാടാമ്പുഴ,** പിലാത്തറ എന്നവർ വീട് നമ്പറിനായി 2020ൽ പഞ്ചായത്തിൽ അപേക്ഷ നൽകിയിരുന്നു. എന്നാൽ 10/4/2023 ൽ പുതിയ അപേക്ഷ നൽകിയപ്പോൾ പഴയ അപേക്ഷ ഇൻവാലിഡ് ആവുകയും പുതിയ നിരക്കിൽ ഉള്ള ഫീസ് 28000 രൂപ അടക്കേണ്ടിവരും എന്ന് അറിഞ്ഞു. പരാതിക്കാരന്റെ മാതാവിന്റെ പേരിലാണ് വീട് നിർമ്മിക്കുന്നതിന് പെർമിറ്റ് എടുത്തിരുന്നത്. പെർമിറ്റിന്റെ കാലാവധി അവസാനിച്ചു. അതിന് ശേഷമാണ് പെർമിറ്റ് മാറ്റുന്നതിനും പുതുക്കുന്നതിനും നമ്പറിംഗിനും അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ആയത് മൂലമാണ് ഈ അപേക്ഷകൾ തീർപ്പാക്കുന്നതിൽ താമസം നേരിട്ടതെന്ന് സെക്രട്ടറി അറിയിച്ചു. ആയതിനാൽ ഈ ഫയൽ വിശദമായി പഠിച്ച് ഉചിതമായ തീരുമാനമെടുത്ത് അപേക്ഷകനെ അറിയിക്കുന്നതിനും സമയബന്ധിതമായി കെട്ടിട നമ്പർ അനുവദിക്കുന്നതിനും സെക്രട്ടറിക്കും പഞ്ചായത്ത് ഓവർസീയർക്കും നിർദ്ദേശം നൽകി തീരുമാനിച്ചു. നൽകിയ അപേക്ഷകളിൽ അപാകതകൾ ഉണ്ടെങ്കിൽ അവ 7-1-24നകം പരിഹരിച്ച് പഞ്ചായത്തിൽ സമർപ്പിക്കുന്നതിന് പരാതിക്കാരന് നിർദ്ദേശ നൽകിയും തീരുമാനിച്ചു. നടപടി വിവരം അടുത്ത അദാലത്തിന് മുമ്പായി സെക്രട്ടറി ഇ മെയിൽ വഴി അദാലത്ത് സമിതിയെ അറിയിക്കേണ്ടതാണ്. സെക്രട്ടറി തലത്തിൽ പരാതി പരിഹരിക്കാൻ കഴിയുന്നില്ലെങ്കിൽ പരാതി ഗവൺമെന്റിലേക്ക് അയക്കുന്നതിന് ജില്ലാ സമിതിയിലേക്ക് എസ്കലേറ്റ് ചെയ്യുന്നതിനും തീരുമാനിച്ചു.

**പരാതി 14**

**മാറാക്കര ഗ്രാമപഞ്ചായത്ത്.**

**മുഹമ്മദ്കുട്ടി, മാറാക്കര** എന്നവർ പൊടി മില്ലിന് നമ്പർ ലഭിക്കുന്നതിനാണ് അദാലത്തിൽ പരാതി സമർപ്പിച്ചത്. പഞ്ചായത്ത് ഓവർസീയറുടെയും പരാതിക്കാരന്റെയും സാനിധ്യത്തിൽ സൈറ്റ് പരിശോധിച്ചു. റോഡിൽ നിന്നുള്ള അകലം കുറവാണ് എന്ന കാരണത്താലാണ് നമ്പർ അനുവദിക്കാത്തത് എന്ന് സെക്രട്ടറിയും ഓവർസീയറും അറിയിച്ചു. ഇൻഡസ്ട്രിയൽ ബിൽഡിംഗ് ആയതിനാൽ നിശ്ചിത അകലം റോഡിൽ നിന്നും വേണമെന്ന് സെക്രട്ടറിയും ഓവർസീയറും അറിയിച്ചു. ആയതിനാൽ എൽ ബി എസ് ന്റെ സഹായത്തോടെ സൈറ്റ് പ്ലാൻ അനുയോജ്യമായ രീതിയിൽ പുതുക്കി അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകന് നിർദ്ദേശം നൽകിയും തീരുമാനിച്ചു. പുതുക്കിയ പ്ലാനും അപേക്ഷയും ലഭിക്കുന്ന മുറക്ക് അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിക്കും ഓവർസീയർക്കും നിർദ്ദേശം നൽകിയും തീരുമാനിച്ചു. അടുത്ത മീറ്റിങ്ങിൽ നടപടി വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**പരാതി 15**

**മാറാക്കര ഗ്രാമപഞ്ചായത്ത്.**

**മുഹമ്മദാലി കെ.പി., തത്രംപള്ളി ഹൗസ്** മാറാക്കര ഗ്രാമപഞ്ചായത്ത് എന്നവർ മൂന്നുനില കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിനായാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. പഞ്ചായത്ത് ഓവർസീയറുടെയും പരാതിക്കാരന്റെയും സാനിധ്യത്തിൽ സൈറ്റ് പരിശോധിച്ചു.

കെട്ടിടത്തിന്റെ മുൻവശത്ത് 4.2 മീറ്റർ അകലം വേണ്ടെടുത്ത് 3.85 മാത്രമേയുള്ളു. എന്നാൽ പരാതിക്കാരൻ പറയുന്നത് ആധാരത്തിൽ കാണിച്ചിരിക്കുന്നതിലധികം സ്ഥലം സൈറ്റിൽ ലഭ്യമാണെന്നും പ്രസ്തുത സ്ഥലം ടിയാന്റെ ഉടമസ്ഥതയിലുള്ള ആണെന്നുമാണ്. ആയതിനാൽ വില്ലേജിൽ നിന്നും ലൊക്കേഷൻ സ്കെച്ച്, പ്ലാൻ എന്നിവ വാങ്ങിച്ച് സ്ഥലം ആധാരത്തിൽ ഉൾപ്പെടുത്തിയ ശേഷം അവ പഞ്ചായത്തിൽ സമർപ്പിക്കുന്നതിന് പരാതിക്കാരന് നിർദ്ദേശം നൽകണമെന്ന് സെക്രട്ടറി അറിയിച്ചു. സമർപ്പിച്ച അപേക്ഷയിലെ അപാകതകൾ കാണിച്ച് പരാതിക്കാരന് കത്ത് നൽകിയിരുന്നെങ്കിലും അപാകതകൾ പരിഹരിക്കാതെ പരിഹരിച്ചു എന്ന് കാണിച്ച് അപേക്ഷ പുനസമർപ്പിച്ചിരുക്കുകയാണെന്ന് ഓവർസീയർ അറിയിച്ചു. പരിഹരിക്കാൻ കഴിയാത്ത കെട്ടിട നിർമ്മാണ ചട്ട ലംഘനങ്ങൾ ഉള്ള നിർമ്മാണമാണ് പരാതിക്കാരൻ നടത്തിയിട്ടുള്ളതെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ പ്രത്യേക ഇളവിനായി സർക്കാരിൽ സമർപ്പിക്കുന്നതിന് പരാതി ജില്ലാ അദാലത്തിലേക്ക് എസ്കലേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചു.

**പരാതി 16**

**പൊന്നാനി മുനിസിപ്പാലറ്റി**

**അൻപഴകൻ, ചെമ്പ്ര ഹൗസ് കടവനാട്** പോസ്റ്റ് എന്നവർ വാർഡ് 26ൽ വീടുവയ്ക്കുന്നതിന് പെർമിറ്റിനായി 19/08/2023ന് അപേക്ഷ നൽകിയിരുന്നു. എന്നാൽ CRZ പരിധിയിൽ ഉൾപ്പെടുന്നു എന്നു പറഞ്ഞ് അപേക്ഷ നിരസിക്കുകയാണ് ഉണ്ടായത്. പരാതിക്കാരൻ വീട് വെക്കുന്നത് കനോലി കനാലിന്റെ തീരത്ത് ആണ്. ഇയാളുടെ വീട്ടിന്റെ ഇരുവശത്തും നമ്പർ ഉള്ള വീടുകളുടെ നേർരേഖക്കും കനോലി കനാലിനും ഇടയിലാണ് നിർദ്ദിഷ്ട നിർമ്മാണം എന്ന് കാണിച്ച് 13-11-23 ലെ D L C യോഗം അപേക്ഷ നിരസിച്ചതായി ടൌൺ പ്ലാൻ രേഖകളിൽ കാണുന്നു. നഗരസഭയിലെ പ്രസ്തുത ഫയൽ പരിശോധിക്കുകയുണ്ടായി. ഈ ഭാഗത്ത് കനോലി കനാലിന് വളവ് ഉണ്ടെന്നും നിലവിലുള്ള വീടുകൾ തമ്മിൽ വലിയ അകലമുണ്ടെന്നും കാണുന്നു. ആയതിനാലാണ് നേർരേഖ വരക്കുമ്പോൾ നിർദ്ദിഷ്ട നിർമ്മാണം അതിന് അകത്ത് വരുന്നതെന്നും കാണുന്നു. ആയതിനാൽ ടി വിവരങ്ങൾ കൂടി കാണിച്ച് അപേക്ഷ CRZ D L Cക്ക് പുനസമർപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു. ഇതിന് പുതിയ പ്ലാൻ ആവശ്യമെങ്കിൽ വളവിലെ അകലം കണക്കാക്കി പുതിയ പ്ലാൻ തയ്യാറാക്കുവാൻ അമ്പഴകനോട് നിദ്ദേശിച്ചും തീരുമാനിച്ചു.

**പരാതി 17**

**പൊന്നാനി മുനിസിപ്പാലറ്റി**

**മുരളീധരൻ, എണ്ണാഴിയിൽ, പള്ളപ്രം, പൊന്നാനി** എന്നവർ എൻഎച്ച് 66 സമീപം NHAI അക്വയർ ചെയ്തു സ്ഥത്തിലെ ബാക്കിയുള്ള ഭാഗത്ത് വാർഡ് 32ൽ പഴയ വീട് പൊളിച്ചു പുതിയ വീട് നിർമ്മിച്ചു. അതിന് നമ്പർ ലഭിക്കാത്തതിനാലാണ് പരാതി സമർപ്പിച്ചിരിക്കുന്നത്. പരാതിക്കാരൻ അദാലത്തിൽ സന്നിഹിതനായിരുന്നില്ല. ദേശീയപാതയോട് ചേർന്ന് കെട്ടിടം നിർമ്മിക്കുന്നതിന് ദേശീയപാത അതോറിറ്റിയുടെ NOC വാങ്ങിയതിന് ശേഷമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുമതി നൽകാവൂ എന്ന് കാണിച്ച് NHAI റീജിണൽ ഓഫീസർ LSGD അഡീഷണൽ ചീഫ് സെക്രട്ടറിക്ക് 22-5-23ന് കത്ത് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. ആയതിനാലാണ് മുരളീധരന് കെട്ടിട നിർമ്മാണ അനുമതി നൽകാൻ കഴിയാത്തത്. ഈ വിവരം ടിയാനെ അറിയിച്ചിട്ടുണ്ടെന്നും പരാതിക്കാരനോട് എൻ എച്ച് അതോറിറ്റിയിൽനിന്നും ആക്സസ് പെർമിറ്റ് കൊണ്ടുവരാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. പരാതിക്കാരൻ ആക്സസ് പെർമിറ്റ് സമർപ്പിക്കുന്ന മുറക്ക് അനുമതി നൽകുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

അതേ സമയം, ഹൈവെ വികസനത്തിന്റെ ഭാഗമായി എൻ എച്ച് അധികാരികൾ പരാതിക്കാരന്റെ സ്ഥലം അക്വയർ ചെയ്തതിനാലാണ് പരാതിക്കാരന് വീട് പൊളിക്കേണ്ടി വന്നതും പുതിയത് നിർമ്മിക്കേണ്ടി വന്നതെന്നും സമിതി വിലയിരുത്തി. സമാന സാഹചര്യങ്ങൾ ഹൈവെ കടന്ന് പോകുന്ന തദ്ദ്ശസ്വയംഭരണ സ്ഥാപനങ്ങളിലും നിലവിലുണ്ട് എന്ന് കാണുന്നു. ആയതിനാൽ ഇത്തരം സാഹചര്യങ്ങളിൽ ഉളവ് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാവുന്നതിന് ഈ പരാതി സർക്കാർ പരിഗണനക്ക് സമർപ്പിക്കേണ്ടതുണ്ടെന്ന് യോഗം വിലയിരുത്തി. ആയതിനാൽ പ്രത്യേക ഇളവിനായി സർക്കാരിൽ സമർപ്പിക്കുന്നതിന് പരാതി ജില്ലാ അദാലത്തിലേക്ക് എസ്കലേറ്റ് ചെയ്യുന്നതിനും തീരുമാനിച്ചു.

**പരാതി 18**
**പൊന്നാനി മുനിസിപ്പാലറ്റി**
**ബൽക്കീസ്, W/o. സിദ്ദിഖ് മാളിയേക്കൽ** പള്ളിപ്പടി പൊന്നാനി എന്നവർ വീട് നമ്പറിനായി സമർപ്പിച്ച അപേക്ഷ CRZവിഭാഗത്തിൽ പെടുന്നതിനാൽ അനുവദിച്ചു കിട്ടിയില്ല എന്നാണ് പരാതിക്കാരി അദാലത്തിൽ അറിയിച്ചത്. ഈ അപേക്ഷ മലപ്പുറം ജില്ലാതല തീരദേശ സംരക്ഷണ അതോറിറ്റിക്ക് നഗരസഭയിൽനിന്നും സമർപ്പിക്കുകയും 12-1-23ലെ DLC അപേക്ഷ പാസ്സാക്കിയിട്ടുള്ളതാണെന്നും അംഗീകരത്തിനായി KCZMA തിരുവന്തപുരം ഓഫീസിലേക്ക് അയച്ച് നൽകിയിട്ടുണ്ടെന്നും ടൌൺ പ്ലാൻ ഓഫിസിലെ രേഖകൾ പരിശോധിച്ചതിൽനിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരത്ത്നിന്നും അംഗീകാരം ലഭിച്ചതായും നമ്പർ ഉടൻ നൽകുമെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു. നമ്പർ നൽകിയ വിവരം സെക്രട്ടറി അടുത്ത അദാലത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**പരാതി 19**
**പൊന്നാനി മുനിസിപ്പാലറ്റി**
**സെഹീറ W/o ബീരാൻ (late) മുക്കാടി,** പൊന്നാനി എന്നിവരുടെ ഭർത്താവ് ബീരാൻ 14-10-21ന് കടലിൽ മത്സ്യ ബന്ധനം നടത്തുമ്പോൾ ബോട്ട് അപകടത്തിൽ പെട്ട് മരണപ്പെട്ടു എന്നും ബോഡി ലഭിക്കാത്തതിനാൽ നഗരസഭയിൽനിന്നും മരണം രജിസ്റ്റർ ചെയ്തുകിട്ടുന്നില്ലെന്നും മരണ സർട്ടിഫിക്കേറ്റ് ഇല്ലാത്തതിനാൽ ബാങ്കിലുള്ള പണം പോലും കിട്ടുന്നില്ലെന്നും യാതൊരു ആനുകൂല്യത്തിനും അപേക്ഷിക്കാൻ കഴിയുന്നില്ലെന്നുമാണ് പരാതി. സഹീറക്ക് വേണ്ടി ബീരാന്റെ ജേഷ്ഠൻ കുഞ്ഞൻ ബാവ എന്നവരാണ് അദാലത്തിൽ പങ്കെടുത്തത്. സഹീറയുടെ ഭർത്താവ് കടലിൽ പോയി ബോട്ടപകടത്തിൽ പെട്ട് കാണാതായ വ്യക്തിയാണ്. ഇദ്ദേഹത്തിന്റെ മരണ സർട്ടിഫിക്കറ്റ് ഇതുവരെ അനുവദിച്ചിട്ടില്ല. പ്രസ്തുത കേസുകളിൽ ഏഴുവർഷം കഴിഞ്ഞ് കോടതി ഡിക്ലറേഷൻ വന്നാൽ മാത്രമേ നഗരസഭയിൽ രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് അനുവദിക്കാൻ നിർവാഹമുള്ളൂ എന്ന് സെക്രട്ടറി അറിയിച്ചു. ഈ വിഷയം സർക്കാർ തലത്തിൽ പരിഹരിക്കേണ്ടതാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ പ്രത്യേക ഉത്തരവിനായി സർക്കാരിൽ സമർപ്പിക്കുന്നതിന് പരാതി ജില്ലാ അദാലത്തിലേക്ക് എസ്കലേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചു.

**പരാതി 20**
**പൊന്നാനി മുനിസിപ്പാലറ്റി**
**അത്തീഖ്, പറമ്പിൽ, വണ്ടിപേട്ട, പൊന്നാനി** എന്നവർ നഗരസഭയിലെ വാർഡ് 34ൽ നിർമ്മിച്ച വീടിന് നമ്പറിനായി അപേക്ഷിച്ചപ്പോൾ വൻ തുകപിഴയായി കൊടുക്കുവാനാണ് അറിയിച്ചത്. പ്രസ്തുത തുക ഒഴിവാക്കി വീട്ടുനമ്പർ അനുവദിക്കണം എന്നാണ് അപേക്ഷയിൽ പറയുന്നത്. പരാതിക്കാരൻ അദാലത്തിൽ പങ്കെടുത്തിരുന്നില്ല. പൊന്നാനി നഗരസഭയിലെ ബന്ധപ്പെട്ട ഫയൽ പരിശോധിക്കുകയും പരാതിക്കാരനെ നേരിൽ കേൾക്കുകയും ചെയ്തിരുന്നു. മുഹമ്മദ് ഷാഫി എന്നായാളുടെ പേരിലാണ് രണ്ട് നിലയിൽ 209 m2 വീട് നിർമ്മാണത്തിന് 4-5-18ന് പെർമിറ്റ് എടുത്തിരുന്നത്. 3-5-21ന് പെർമിറ്റിന്റെ കാലവധി തീർന്നിരുന്നു. പെർമിറ്റ് മാറ്റുന്നതിന് പരാതിക്കാരൻ 23-9-23നാണ് അപേക്ഷ നൽകുന്നത്. ആയതിനാൽ പെർമിറ്റ് അസാധുവായിരുന്നു. ആയതിനാലാണ് ക്രമവൽക്കരണം ആവസാധ്യമായി വന്നതെന്ന് കാണുന്നു. പുതിയ നിരക്കിൽ 209m2ന് ക്രമവൽക്കരണത്തിന് 30000 മുകളിൽ ഫീസ് വരും എന്നതിനാലാണ് ഫീസ് ഇളവിന് അപേക്ഷിച്ചതെന്ന് പരാതിക്കാരൻ അറിയിച്ചിരുന്നു. രണ്ട് നിലക്ക് പെർമിറ്റ് എടുത്തിരുന്നെങ്കിലും ഒരു നിലമാത്രമാണ് നിർമ്മിച്ചിട്ടുള്ളതെന്ന് അത്തീഖ് അറിയിച്ചു. അത് 150 m2ന് താഴെയാണ്. എന്നാൽ സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ മുഴുവൻ ഏരിയയും കാണിച്ചതായി കാണപ്പെട്ടു. അത്തിഖ് എന്നവർ നിർമ്മിച്ചത് 150 മീറ്റർ സ്ക്വയർ മീറ്ററിന് താഴെയാതിനാൽ റിവൈസ്ഡ് പ്ലാൻ സമർപ്പിച്ച് റെഗുലറൈസ് ചെയ്തു കൊടുക്കാവുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെയും പരാതിക്കാരനെയും ചുമതലപ്പെടുത്തി തീരുമാനിച്ചു.

**പരാതി 21**
**പൊന്നാനി മുനിസിപ്പാലറ്റി**
**മുഹമ്മദ് ബഷീർ, പുളിക്കൽ ഹൗസ്,** കറുകത്തിരുത്തി എന്നവർ 5 സെന്റ് ഭൂമിയിൽ നിർമ്മിച്ച വീടിന് നമ്പറിനായി നൽകിയ അപേക്ഷ CRZപരിധിയിൽ പെട്ടതിനാൽ അനുവദിച്ചു കിട്ടിയില്ല എന്നാണ് പരാതിയിൽ പറയുന്നത്. പരാതിക്കാരൻ അദാലത്തിൽ സന്നിഹിതനായിരുന്നില്ല.

ഫോണിൽ ബന്ധപ്പെടുന്നതിന് കഴിഞ്ഞില്ല. പൊന്നാനി നഗരസഭയിൽ മുഹമ്മദലിയുടെ അപേക്ഷ ലഭിച്ചിട്ടില്ലെന്ന് സെക്രട്ടറി അറിയിച്ചു. ആയതിനാൽ പരാതിക്കാരനെ ബന്ധപ്പെട്ട് CRZ അനുമതിക്കായുള്ള അപേക്ഷയും പ്ലാനും സമർപ്പിക്കുന്നതിന് അപേക്ഷകന് നിർദ്ദേശം നൽകാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**പരാതി 22**

**പൊന്നാനി മുനിസിപ്പാലറ്റി**

**ഷാജി, അടാണശ്ശേരി, കടവനാട്, പൊന്നാനി** എന്നവർ വാർഡ് 26ൽ E2-395/18-19 തിയ്യതി 16-12-19 പ്രകാരം ബിൽഡിംഗ് പെർമിറ്റ് എടുക്കുകയും അനുമതി നൽകിയതിൽ അല്പം കൂടുതൽ ഏരിയയിൽ പണിപൂർത്തിയാക്കി എന്നും പറഞ്ഞതിനേക്കാൾ കൂടുതൽ ഏരിയയുള്ള വീടാണ് നിർമ്മിച്ചത് എന്ന് പറഞ്ഞ് നമ്പർ അനുവദിക്കുന്നില്ല എന്നാണുമാണ് പരാതിയിൽ പറയുന്നത്. ടിയാൻ കംപ്ലീഷൻ പ്ലാൻ സമർപ്പീക്കാത്തതിനാലാണ് അനുമതി നൽകാത്തതെന്ന് സെക്രട്ടറി അറിയിച്ചു. ആയതിനാൽ പരാതിക്കാരനോട് കംപ്ലീഷൻ പ്ലാൻ സമർപ്പിക്കാൻ ആവശ്യപ്പെട്ട് കത്ത് നൽകുന്നതിന് മുൻസിപ്പൽ എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു. കപ്ലീഷൻ പ്ലാൻ സമർപ്പിക്കുന്ന മുറക്ക് നമ്പർ അനുവദിച്ച് വിവരം സെക്രട്ടറി രേഖാമൂലം സമിതിയെ അറിയിക്കേണ്ടതാണ്.

**പരാതി 23**

**കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്**

**അബൂബക്കർ,** S/o. **കുഞ്ഞുമുഹമ്മദ് ഹാജി,** രാരൻ കണ്ടത് ഹൗസ്, തൃക്കണാപുരം, തവനൂർ എന്നവർ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ തന്റെ പേരിലുള്ള കെട്ടിട മുറികൾക്ക് നികുതിയടക്കാൻ പറ്റാത്തതുമായി ബന്ധപ്പെട്ടാണ് പരാതി നൽകിയിട്ടുള്ളത്. പ്രസ്തുത പരാതിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചത് പരാതിയിൽ പറയുന്ന 17/512എ നമ്പർ പഞ്ചായത്ത് അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നിലവിലില്ലാത്തതിനാലാണ് നികുതി ഈടാക്കാൻ കഴിയാത്തത് എന്നാണ്. പഞ്ചായത്ത് അസ്സ്മെന്റ് രജിസ്റ്റർ സഞ്ചയ സോഫ്റ്റ് വെയർ വഴി പരിശോധിച്ചതിൽനിന്നും പരാതിയിൽ പറയുന്ന 17/502 മുതൽ 17/523 വരെയുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭ്യമാണ്. കെട്ടിടത്തിന്റെ രണ്ടാം നിലയിലുള്ള 17/512എ എന്ന സപ്ലിമെന്ററി അസ്സ്മെന്റ് നമ്പറിന്റെ വിവരങ്ങൾ ലഭ്യമല്ല. ടി കെട്ടിട മുറിക്ക് 2021-22 മുതൽ നികുതി അടവാക്കാൻ കഴിഞ്ഞിട്ടില്ലെന്നും അതിന് മുമ്പ് നികുതി അടച്ചിരുന്നു എന്നും പരാതിക്കാരൻ അദാലത്തിൽ അറിയിച്ചു. സഞ്ചയ സോഫ്റ്റ് വെയറിൽ ടി കെട്ടിടത്തിന്റെ വിവരം ചേർക്കാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് ബോധ്യപ്പെട്ട് ചേർക്കാവുന്നതാണെന്ന് സെക്രട്ടറിക്ക് വേണ്ടി ഹാജരായ അസി. സെക്രട്ടറി അറിയിച്ചു. ഇതിനാവശ്യമായ ക്രമീകരണം സോഫ്റ്റ്വെയർ ലഭ്യമാകുന്ന മുറക്ക് 17/512എ എന്ന കെട്ടിട നമ്പറിന്റെ സാധുത പരിശോധിച്ച് വിവരം സോഫ്റ്റ് വെയറിൽ ചേർത്ത് നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. ഈ വിവരം പരാതിക്കാരനെ രേഖാമൂലം സെക്രട്ടറി അറിയിക്കേണ്ടതാണ്.

**പരാതി 24**

**കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്**

**സിറാജ്, കോരാത്ത് വീട് മർക്കസ് മൂടാൽ** എന്നവർ വാർഡ് 7ൽ നിർമ്മിച്ച വീടിന് നമ്പർ അനുവദിച്ച് നൽകുന്നതിന് 2020 ഫെബ്രുവരിയിൽ 1163/20 പ്രകാരം അപേക്ഷ സമർപ്പിച്ചതാണെന്നും എന്നാൽ ഇത് വരെ വീട് നമ്പർ കിട്ടിയില്ല എന്നുമാണ് പരാതി. ഫയൽ തിരഞ്ഞ് കിട്ടാത്തതിനാലാണ് അപേക്ഷ തീർപ്പാക്കാൻ കഴിയാതിരുന്നതെന്നും ഇപ്പോൾ ഫയൽ തിരഞ്ഞ് കണ്ടെത്തിയിട്ടുണ്ടെന്നും അസി. സെക്രട്ടറി അറിയിച്ചു. ആയതിനാൽ ഒരാഴ്ചക്കകം അപേക്ഷയിൽ തീരുമാനമെടുത്ത് തീർപ്പാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. കെട്ടിട നമ്പർ നൽകിയ വിവരം സെക്രട്ടറി അടുത്ത അദാലത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**പരാതി 25**

**വട്ടംകുളം ഗ്രമ പഞ്ചായത്ത്**

**മുഹമ്മദ് അലി, ചോഴിവളപ്പിൽ ഹൌസ്,** കാലടി പി ഒ എന്നവർ വട്ടംകുളം ഗ്രാമ പഞ്ചായത്തിലെ വാർഡ് 14ൽ സർവ്വെ നം. 19/2,3,4 പെട്ട ഭൂമിയിൽ 5374.45m2 വിസ്തൃതിയിൽ വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് നമ്പർ 5880/17 തിയ്യതി 18-11-17 പ്രകാരം പെർമിറ്റ്

എടുത്തിരുന്നു എന്നും അനുമതി തന്നത് പ്രകാരം ഒരു നില കുറച്ച് 4550 m2 അളവിൽ നിർമ്മാണം പൂർത്തീകരിച്ചു എന്നും നിർമ്മാണം നടക്കുന്ന കാലത്ത് താൻ നാട്ടിൽ ഇല്ലാത്തതിനാൽ 3 വർഷം കഴിഞ്ഞിട്ടും തനിക്ക് പെർമിറ്റ് പുതുക്കാൻ കഴിഞ്ഞില്ലെന്നും തുടർന്ന് പെർമിറ്റ് പുതുക്കുന്നതിനായി 31-10-22ന് പഞ്ചായത്തിൽ അപേക്ഷ നൽകി എന്നും പരാതിയിൽ പറയുന്നു. അദാലത്തിൽ സെക്രട്ടറിയും സെക്ഷൻ ക്ലാർക്കും പരാതിക്കാരന് വേണ്ടി ലൈസൻസി ഷാജി സാഫ് കോ എന്നയാളും നേരിൽ ഹാജരായി. തന്റെ കൈവശമുണ്ടായിരുന്ന പെർമിറ്റ് പ്രകാരമാണ് പുതുക്കാൻ അപേക്ഷ സമർപ്പിച്ചത് എന്നും കാലാവസ്ഥ കെടുതി കാരണം വീട് മാറേണ്ടിവന്നതിനാൽ അപ്രൂവ്ഡ് പ്ലാൻ നഷ്ടപ്പെട്ടു എന്നും ബോധിപ്പിച്ചിരിക്കുന്നു. അപ്രൂവ്ഡ് പ്ലാനിന് വേണ്ടി പഞ്ചായത്തിൽ അപേക്ഷിച്ചപ്പോൾ, പഞ്ചായത്തിലെ തന്റെ അപ്രൂവ്ഡ് പ്ലാനും പെർമിറ്റും തെരച്ചിൽ നടത്തിയിട്ടും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നാണ് അറിയിച്ചത്. ആയതിനാൽ പെർമിറ്റ് പുതുക്കുന്നതിന് 31-10-22 സമർപ്പിച്ച അപേക്ഷക്ക് 21-10-23ന് മറുപടി നൽകുകയും അതിൽ അപേക്ഷയോടൊപ്പം അംഗീകൃത പ്ലാൻ സമർപ്പിക്കാത്തതിനാൽ പുതുക്കി നൽകാൻ കഴിയില്ലെന്നും അറിയിച്ചു. ആയതിനാൽ പ്ലാനിന്റെ പകർപ്പ് എടുക്കാൻ സൌകര്യം നൽകണമെന്നും പകർപ്പിൽ ഫൈനോട് കൂടി പെർമിറ്റ് പുതുക്കി നൽകണമെന്നും ബിൽഡിംഗിന് നമ്പർ അനുവദിക്കണമെന്നുമാണ് അപേക്ഷ. ഈ കെട്ടിടത്തിന്റെ കംപ്ലീറ്റഡ് ഫയർ പ്ലാനും ഫയർ സർട്ടിഫിക്കേറ്റും ഫയർ & റസ്ക്യൂ വകുപ്പിൽനിന്നും ലഭ്യക്കിയിട്ടുണ്ട്.

2019ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 15(7) പ്രകാരം ഒരു പെർമിറ്റ് പുതുക്കുകയൊ കാലാവധി നീട്ടുകയൊ ചെയ്യേണ്ടതുണ്ടെങ്കിൽ അപേക്ഷയോടൊപ്പം അസ്സൽ പെർമിറ്റും അംഗീകൃത പ്ലാനും ഉൾപ്പെടുത്തേണ്ടാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് എന്ന് സമിതി വിലിയിരുത്തി. കെട്ടിട നിർമ്മാണം നടക്കുമ്പോൾ അംഗീകൃത പ്ലാൻ കൈവശം വെച്ച് ആയത് പ്രകാരമാണ് നിർമ്മാണം നടക്കുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിന് പെർമിറ്റ് ഉടമക്കും ബിൽഡിംഗ് ലൈസൻസിക്കും ബാധ്യത ഉണ്ട്. പഞ്ചായത്തിൽ നിന്നും നൽകിയ ഒരു പെർമിറ്റിന്റെയും അംഗീകൃ പ്ലാനിന്റെയും മതിയായ കോപ്പികൾ പഞ്ചായത്തിൽ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് സെക്രട്ടറിക്കും ബാധ്യതയുണ്ട് എന്നിരിക്കെ അവ ഇരു കൂട്ടരിൽനിന്നും നഷ്ടപ്പെട്ടത് ഗുരുതരമായ വീഴ്ചയാണ്. അംഗീകൃത പ്ലാനും പെർമിറ്റും തിരിച്ച് കിട്ടാത്ത വിധത്തിൽ നഷ്ടപ്പെട്ടാൽ എന്ത് ചെയ്യണമെന്ന് നിയമത്തിൽ പറയുന്നില്ല.

മേൽ സാഹചര്യത്തിൽ നം. 5880/17 തിയ്യതി 18-11-17 പ്രകാരം അനുവദിച്ച പെർമിറ്റും അംഗീകൃത പ്ലാനും കണ്ടെടുക്കുന്നതിന് പഞ്ചായത്ത് ഓഫീസിൽ ഒരിക്കൽകൂടി തെരച്ചിൽ കണ്ടെത്തുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു. ഇനീഷ്യൽ ഫയർ NOCക്ക് വേണ്ടി പഞ്ചായത്ത് വഴി ഫയർ & റസ്ക്യൂ വകുപ്പിൽ അപേക്ഷകൻ സമർപ്പിച്ച ബിൽഡിംഗ് പ്ലാനുകളുടെ പകർപ്പ് ആ ഓഫീസിൽ നിന്നും എടുത്ത് വട്ടംകുളം ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കുന്നതിന് പരാതിക്കാരന് നിർദ്ദേശം നൽകിയും തീരുമാനിച്ചു.

**ഈ അദാലത്തിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറിമാർ നടപടികൾ സ്വീകരിച്ച് ഉചിതമായ മറുപടി സമയബന്ധിതമായി പരാതിക്കാർക്ക് നേരിട്ട് അയച്ച് നൽകേണ്ടതും പകപ്പ് ഈ ഓഫീസിലെ ivo2adlsgdmpm@gmail.com എന്ന മെയിലിലേക്ക് അയച്ച് നൽകേണ്ടതുമാണ്. കൂടാതെ സെക്രട്ടറിമാർ adalatapp.lsgkerala.gov.in എന്ന സൈറ്റിൽ പെൻ നമ്പറും ഔദ്യോഗിക ഫോൺ നമ്പറും നൽകി ലോഗിൻ ചെയ്ത് കയറി മേൽ അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ അപ്ഡേറ്റ് ചെയ്യേണ്ടതും ആവശ്യമായ രേഖകളും മറുപടികളും അപ്ലോഡ് ചെയ്യേണ്ടതുമാണ്.**

അദാലത്ത് സിറ്റിംഗ് 11 മണിക്ക് ആരംഭിച്ച് 2.30 പി എംന് അവസാനിപ്പിച്ചു.

മലപ്പുറം ഉപജില്ലാ സമിതി-2 ന് വേണ്ടി,

1.ഖാലിദ് പി കെ, ഇന്റേണൽ വിജിലൻസ് ഓഫീസർ, കൺവീനർ (ഒപ്പ്)
2.റെനി എൽ ജെ, ഡെപ്യൂട്ടി ടൌൺ പ്ലാനർ, അംഗം (ഒപ്പ്)
3.അജയകുമാർ പി, അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ, അംഗം (ഒപ്പ്)

//ശരിപ്പകർപ്പ്//

ഖാലിദ് പി കെ,
ഇന്റേണൽ വിജിലൻസ് ഓഫീസർ & കൺവീനർ, സ്ഥിര അദാലത്ത് ഉപജില്ലാ സമിതി–2

പകർപ്പ് :–

1. സെക്രട്ടറി,

   പൊന്നാനി, വളാഞ്ചേരി നഗരസഭകൾ,

   ആലംകോട്, എടപ്പാൾ, കുറ്റിപ്പുറം, മാറാക്കര, മാറഞ്ചേരി, പെരുമ്പടപ്പ്, തവനൂർ, വെളിയംകോട്, വട്ടംകുളം, ഗ്രാമ പഞ്ചായത്തുകൾ

പകർപ്പ് സമർപ്പിക്കുന്നു (ഉപരിപത്ര സഹിതം)

1–ജില്ലാ ജോയിന്റ് ഡയറക്ടർക്കും അസി. ഡയറക്ടർക്കും
(അദാലത്ത് ജില്ലാ തല സമിതി ചെയർമാൻ & കൺവീനർ)
അറിവിലേക്കും എസ്കലേറ്റ് ചെയ്ത പരാതികളിൽ തുടർനടപടിക്കും വേണ്ടി